**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വൈദ്യുതി ഭേദഗതി ചട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ വൈദ്യുതി നിയമ ഭേദഗതി ചട്ടം 2022 -ന്റെ കരട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭേദഗതി നിർദേശത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ചട്ട ഭേദഗതിയുടെ കരട് ലഭിച്ചിരുന്നു. മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന കൈമാറാൻ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം 29.12.2022-ൽ വൈദ്യുതി ഭേദഗതി റൂൾസ് 2022 പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടഭേദഗതി സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കയും, ഒപ്പം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന നിരക്ക ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്ത് ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ല എന്നും 06.09.2022 തീയതിയിലെ എ1/183/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.യും തങ്ങളുടെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. 29.12.2022.-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി തുടർനടപട് സ്വീകരിക്കുന്നതാണ്.<br><br>പ്രസ്തുത നിയമത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമേ |

| | | | |
|---|---|---|---|
| | | | വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടാകുന്ന വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധികബാധ്യത/കുറവ് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്തി Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽ നിന്ന മാസാടിസ്ഥാനത്തിൽ സ്വയമേവ വീണ്ടെടുക്കാൻ/തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല. |
| (ബി) | 2022-23 ബജറ്റ് രേഖയിൽ 496.20 കോടി രൂപ കെ.എസ്.ഇ.ബി. ക്ക് ലാഭം ഉണ്ടാകും എന്ന് സൂചിപ്പിക്കുകയും എന്നാൽ വൈദ്യുതി നിരക്ക് ഉയർത്താൻ റഗുലേറ്ററി കമ്മീഷന് നൽകിയ രേഖയിൽ 2852.58 കോടി രൂപ നഷ്ടം ഉണ്ടാകും എന്ന് കാണിച്ചിട്ടുള്ളതും സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; | (ബി) | വൈദ്യുതി നിയമം 2003-ലെ 61- ാം വകുപ്പ് പ്രകാരം, കേരളാ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021- ലെ വ്യവസ്ഥകൾ പ്രകാരം, 2022 - 2023 സാമ്പത്തിക വർഷത്തേക്കുള്ള വൈദ്യുതി താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, കമ്മീഷന് മുമ്പാകെ സമർപ്പിച്ച ARR&ERC പെറ്റീഷന് പ്രകാരമുള്ള പ്രതീക്ഷിത റവന്യൂ ഗ്യാപ്പ് 2852.58 കോടി രൂപയാണ്. 2022 – 23-ൽ 496.20 കോടി രൂപയുടെ ലാഭം ഉണ്ടാവും എന്ന നിലയിലാണ്, കെ.എസ്.ഇ.ബി.-യുടെ ബഡ്ജറ്റ് മാനുവൽ അനുസരിച്ച്, 2022 – 23-ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖലശാക്തീകരണ ഫലമായി കൂട്ടുതൽ വൈദ്യുതി വില്പന ലക്ഷ്യം വച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്.<br><br>ബഡ്ജറ്റിൽ ബോർഡിന്റെ മുൻകാല പ്രവണതകളെ അടിസ്ഥാനമാക്കിയുള്ള കണക്കുകളാണ് കാണിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ എ.ആർ.ആർ. കണക്കുകളിൽ ഉൾക്കൊള്ളിക്കുന്ന മുൻകാല റവന്യൂ ഗ്യാപ്പ്, റിട്ടേൺ ഓൺ ഇക്വിറ്റി, മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധികതുക മുതലായവ കണക്കാക്കേണ്ടതില്ല.<br><br>വ്യത്യസ്ത ആവശ്യങ്ങൾക്കായി, വ്യത്യസ്ത നിയമങ്ങളും ചട്ടങ്ങളും പ്രകാരവും |

| | | | |
|---|---|---|---|
| | | | വ്യവസ്ഥാപിത മാനദണ്ഡങ്ങൾ പ്രകാരവു തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ ആണ ബഡ്ജറ്റും, എ ആർ ആർ പെറ്റീഷനു ഇങ്ങനെ വ്യവസ്ഥാപിതമായ രീതിയിൽ തയ്യാറാക്കുന്നതിനാൽ ഈ കണക്കുകൂട്ടലുകളിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടായേക്കാമെന്നതിനാൽ പ്രതീക്ഷിത റവന്യൂ ഗ്യാപ്പിലും ലാഭ-നഷ്ട കണക്കിലും വ്യത്യാസമുണ്ടാകും. ഇവ പൊരുത്തക്കേടുള്ളതായി ഗണിക്കുവാൻ കഴിയുകയില്ല. |
| (സി) | വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതിയില്ലാതെ വിതരണ കമ്പനികൾക്ക് എല്ലാ മാസവും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാമെന്ന് പ്രസ്തുത ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; | (സി) | ചട്ട ഭേദഗതിയുടെ കരട് ലഭിച്ചിരുന്നു. മൊത്തം വൈദ്യുതി വാങ്ങൽ വിലയിലെ വ്യതിയാനങ്ങൾ സ്വയമേവ മാസാടിസ്ഥാനത്തിൽ ഉപഭോക്താവിന് കൈമാറാൻ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര ഊർജ്ജമന്ത്രാലയം 29.12.2022-ൽ വൈദ്യുതി ഭേദഗതി റൂൾസ് 2022 പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടഭേദഗതി സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കയും, ഒപ്പം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന നിരക്ക ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ല എന്നും 06.09.2022 തീയതിയിലെ എ1/183/2022/ഊ.വ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. കരട് നിർദ്ദേശങ്ങൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.യും തങ്ങളുടെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നു. 29.12.2022.-ലെ ചട്ടഭേദഗതി സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.<br><br>പ്രസ്തുത നിയമത്തിലെ റൂൾ 14 പ്രകാരം ഇന്ധനവിലയിലെ വ്യതിയാനം കാരണമോ വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | വ്യതിയാനം കാരണമോ ഉണ്ടാകുന്ന അധികബാധ്യത/കുറവ് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രൈസ അഡ്ജസ്റ്റ്മെന്റ് ഫോർമുലയിലൂടെ കണ്ടെത്ത Fuel and Power Purchase Adjustment Surcharge-ലൂടെ ഉപഭോക്താക്കളിൽ നിന്ന മാസാടിസ്ഥാനത്തിൽ സ്വയമേവ വീണ്ടെടുക്കാൻ/തിരികെ നൽകാൻ അനുവദിക്കുന്നു. ഇപ്രകാരം പ്രതിമാസം സ്വയമേവ വീണ്ടെടുക്കുന്നതിന് ഓരോ മാസവും കമ്മീഷന്റെ അനുമതിയുടെ ആവശ്യകതയില്ല. |
| (ഡി) | നഷ്ടം നികത്താൻ സർചാർജ് വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ? | (ഡി) | നഷ്ടം നികത്താൻ സർചാർജ് വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി കെ.എസ്.ഇ.ബി.എൽ. റെഗുലേറ്ററി കമ്മീഷനെ പുതിയ റൂൾസ് ഭേദഗതി പ്രകാരം സമീപിച്ചിട്ടില്ല. എന്നാൽ വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 62(4) പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08.01.2010-ൽ ഇന്ധന സർചാർജ് റെഗുലേഷൻ പുറപ്പെടുവിക്കുകയും പിന്നീടുള്ള താരിഫ് റെഗുലേഷനുകളിൽ പ്രസ്തുത ചട്ടം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷൻ 87 പ്രകാരം ഇന്ധനവിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കാരണം വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന അധിക ബാധ്യത ഇന്ധന സർചാർജ് ആയും വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന കുറവ് ഇളവായും കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ നിശ്ചിത കാലയളവിലേക്ക് ഈടാക്കുവാനോ തിരിച്ചു നൽകുവാനോ ഉള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>പ്രസ്തുത റെഗുലേഷൻ പ്രകാരം കെ.എസ്.ഇ.ബി.എൽ. എല്ലാ പാദ വർഷങ്ങളുടെയും ഇന്ധന സർചാർജ് പെറ്റീഷൻ കമ്മീഷൻ മുമ്പാകെ നിർബന്ധമായും സമർപ്പിക്കേണ്ടതുണ്ട്. കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുന്ന പെറ്റീഷനിൽ വിശദമായ പരിശോധനയ്ക്കും പൊതുതെളിവെടുപ്പിനും ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ നിശ്ചിത കാലയളവിലേക്ക് ഇന്ധന സർചാർജ് ഏർപ്പെടുത്തി വരുന്നു. ഇന്ധന വിലയിൽ ഉണ്ടായ വ്യതിയാനം കാരണം 2021-22ലെ മൂന്നാം പാദത്തിലെ വൈദ്യുതി വാങ്ങൽ ചിലവിൽ ഉണ്ടായ അധിക ബാധ്യതയായ 18.10 കോടി രൂപ ഉപഭോക്താക്കളിൽ നിന്നും മൂന്ന് പൈസ നിരക്കിൽ അനുവദിച്ച് തരുന്നതിനുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിരുന്നു. അതുപോലെ തന്നെ 2021-22ന് നാലാം പാദത്തിലെ അധിക ബാധ്യതയായ 16.05 കോടി രൂപ,3 പൈസ നിരക്കിൽ സർചാർജ് ആയി |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാനുള്ള അപേക്ഷയും കമ്മീഷൻ മുമ്പാകെ 22.9.2022-ൽ സമർപ്പിച്ചിരുന്നു. 2022-23ലെ ഒന്നാം പാദത്തിൽ, കമ്മീഷൻ അംഗീകരിച്ച ഇന്ധന വിലയേക്കാൾ, ഇന്ധനവിലയിലുണ്ടായ വ്യതിയാനം കാരണം വൈദ്യുതി വാങ്ങൽ ചിലവിൽ 87.07 കോടി രൂപ അധിക ബാധ്യത ഉണ്ടാവുകയും പ്രസ്തുത അധിക ബാധ്യത 14 പൈസ നിരക്കിൽ ഇന്ധന സർചാർജ് ആയി ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുവാനുമുള്ള അപേക്ഷ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. 17.11.2022- ൽ സമർപ്പിച്ചിരുന്നു. 18.01.2023 ന് പ്രസ്തുത പെറ്റീഷനുകളിൻ- മേൽ കമ്മീഷൻ പൊതു തെളിവെടുപ്പ് നടത്തുകയും, 25.1.2023ലെ ഉത്തരവ് പ്രകാരം ഒന്നാം പാദത്തിലെ അധിക ബാധ്യതയായ 87.07 കോടി രൂപ സംസ്ഥാനത്തെ മുഴുവൻ ഉപഭോക്താക്കളിൽ നിന്നും, യൂണിറ്റൊന്നിനു 9 പൈസ നിരക്കിൽ, 2023 ഫെബ്രുവരി 01 മുതൽ നാല് മാസത്തെ ഉപഭോഗത്തിൽ നിന്നും ഇന്ധന സർചാർജിനത്തിൽ ഈടാക്കുന്നതിനു അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ